(ഡി) ഉണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നിലവിൽ അഭിമുഖീകരിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി 20-1-2015 തീയതിയിലെ സ.ഉ. (സാധാ) 29/15/ സിഎഡി പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 9-3-2015-ലെ ജി.ഒ.(ആർ.ടി) 104/15/സിഎഡി ഉത്തരവു പ്രകാരം രണ്ടുകോടി രൂപ സിനിമാ സെസ്സ് പിരിവ് ആരംഭിക്കുമ്പോൾ ആ വരുമാനത്തിൽനിന്നും സർക്കാരിലേക്ക് തിരിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽ, അനുവദിച്ചു നൽകിയിട്ടുണ്ട്.

ഹൈടെക് കൃഷിരീതി

3 (*273) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയ്ക്ക് നൽകുന്ന പ്രാധാന്യത്തിനനുസൃതമായ വളർച്ച ഉണ്ടാകാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഹൈടെക് കൃഷിരീതിമൂലം കാർഷിക മേഖലയിൽ എന്തൊക്കെ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ;

(സി) എത്ര കർഷകരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക മേഖലയ്ക്ക് നല്കുന്ന പ്രാധാന്യത്തിനനുസൃതമായ വളർച്ച ഉണ്ടായതായാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. കാർഷിക മേഖലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെക്കാൾ 5.62 ശതമാനം അധിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയതായി കണക്കാക്കിയിരിക്കുന്നു. മുൻ വർഷങ്ങളിലെ കാർഷിക മേഖലയിലെ വളർച്ചാ നിരക്കുകൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വളർച്ച നിരക്കിലെ വ്യത്യാസം (ശതമാനം)
2008-09	2.08
2009-10	(-) 3.01
2010-11	(-) 7.28
2011-12	(-) 0.15
2012-13	5.62

2012-13 വർഷത്തിൽ കരുമുളക്, തേയില, പയറുവർഗ്ഗങ്ങൾ, വാഴ, പച്ചക്കറി, റബ്ബർ എന്നീ വിളകൾ കൈവരിച്ച ഉല്പാദന വർദ്ധനവ് കാർഷിക മേഖലയിലെ ഉയർന്ന വളർച്ചാ നിരക്കിന് കാരണമായിട്ടുണ്ട്.

(ബി) കേരളത്തിൽ ഹൈടെക് കൃഷി പച്ചക്കറി വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ളവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണ വരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യവലുപ്പവും ഗുണമേന്മയുമുള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്. ചുരുങ്ങിയ സ്ഥലത്ത് നിന്നും മേൽപ്പറഞ്ഞ വിളകളിൽനിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക ഉത്പാദനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്രമീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉത്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. ഹൈടെക് കാർഷികവൃത്തിയിലേക്ക് കൂടുതൽ കർഷകർ കടന്നു വരികയും ചെയ്യുന്നു.

(സി) 708 കർഷകരെ ഹൈടെക് ഹാമിംഗ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുന്നൂറോളം കർഷകരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly